**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1349** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചോദ്യപേപ്പർ ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്നതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | അന്വേഷണം നടത്തിവരുന്നു. |
| (ബി) | ഇതിൽ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ; | (ബി) | ഇല്ല. പരീക്ഷയുടെ ചോദ്യപേപ്പറുകൾ പരീക്ഷയ്ക്ക് മുൻപ് സ്വകാര്യ യൂട്യൂബ് ചാനലിൽ വന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 19-12-2024 തീയതിയിലെ ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ച് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരത്ത് ക്രൈം ബ്രാഞ്ച് PS Cr.No. 2097/CB/CB/KKD & WYD/D/2024 U/s 316(2), 316(3), 316(5), 318(2), 318(4), 61(2) (a).3(5) of BNS 2023 ആയി കേസ് രജിസ്റ്റർ ചെയ്ത് കോഴിക്കോട് ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു. ടി കേസിന്റെ തൽസ്ഥിതി റിപ്പോർട്ട് സൂപ്രണ്ട് ഓഫ് പോലീസ് ക്രൈംബ്രാഞ്ച് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മുൻപ് ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (സി) | അന്വേഷണം നടത്തിയിരുന്നു. |
| (ഡി) | ചോദ്യപേപ്പർ ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഈ പ്രശ്നം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനും ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ നിർമ്മാണത്തിലും വിതരണത്തിലും വിവിധ |

| | | | |
|---|---|---|---|
| | | | തലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ